വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം പുനർനിർണ്ണയം ചെയ്യാനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇപ്രകാരമുള്ള പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്.

(ഡി) ഇന്നത്തെ സാഹചര്യത്തിൽ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം പുനർ നിർണ്ണയം ചെയ്യാൻ നിർവ്വാഹമില്ല.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

കെ. എസ്. ഡി. പി. യുടെ റൈറ്റമിൻ 'എ' ഡിവിഷൻ കൈമാറാനുള്ള നടപടി

1. [1359] ശ്രീ. എ. സി. ഷൺമുഖദാസ് :

,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ് ഡി. പി. യുടെ റൈറ്റമിൻ 'എ' ഡിവിഷൻ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന് കൈമാറാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

ഉണ്ട്. എന്നാൽ കൈമാറാനുള്ള നടപടികൾ ആയിട്ടില്ല.

ടെക്നോപാർക്ക്

2. [1361] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോപാർക്ക് സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി) ടെക്നോപാർക്ക് സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. മറിച്ച് ടെക്നോപാർക്ക് സൊസൈറ്റിയും സ്വകാര്യ മേഖലയിലുള്ള ദേശീയ, അന്തർദേശീയ കമ്പനികളും ദേശീയ ധനകാര്യ സ്ഥാപനങ്ങളും ചേർന്ന് ടെക്നോ പാർക്കിന്റെ ഭരണ നിർവ്വഹണത്തിനായി ഒരു പുതിയ കമ്പനി സ്ഥാപിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly